**ഗ്രാമ ന്യായാലയം കൽപ്പറ്റ, വൈത്തിരി**

ഹാജർ. അഥീന ബിജു

(ന്യായാധികാരി, ഗ്രാമ ന്യായാലയ, കൽപ്പറ്റ)

2026-ാം ആണ്ട് ജൂൺ മാസം 02-ാം തിയ്യതി

1947-ാം ആണ്ട് ജ്യേഷ്ഠം മാസം 12-ാം തീയ്യതി

**എം.സി 35/2025**

| | | |
|---|---|---|
| ഹർജിക്കാരി | : | റംല.വി, 45 വയസ്സ്, അസീസ്.ഇ ഭാര്യ, ഇളങ്ങോളി ഹൗസ്, അരമ്പറ്റക്കുന്ന് പി.ഒ, പടിഞ്ഞാറത്തറ അംശം, കോട്ടത്തറ വില്ലേജ്, വൈത്തിരി താലൂക്ക്, വയനാട് - 673 575.<br>(അഡ്വ.<br>(പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷൻ പരിധി) |
| എതിർകക്ഷി | : | അസീസ്.ഇ, 47 വയസ്സ്, ഇബ്രാഹിം മകൻ, ഇളങ്ങോളി ഹൗസ്, അരമ്പറ്റക്കുന്ന് പി.ഒ, പടിഞ്ഞാറത്തറ അംശം, കോട്ടത്തറ വില്ലേജ്, വൈത്തിരി താലൂക്ക്, വയനാട് - 673 575.<br>( പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷൻ പരിധി) |
| വകുപ്പുകൾ | : | ഗാർഹിക പീഡന നിരോധന നിയമം ആക്ട്, 2005 വകുപ്പ്12 പ്രകാരം |
| ഉത്തരവ് | : | **1. ഹർജിക്കാരിയെയും മക്കളെയും യാതൊരു തരത്തിലുള്ള ശാരീരിക മാനസിക ഗാർഹിക പീഡനങ്ങൾ ഏൽപ്പിക്കുന്നതിൽ നിന്നും എതിർകക്ഷിയെ ശാശ്വതമായി വിലക്കി ഇതിനാൽ കൽപിച്ചുത്തരവാകുന്നു.**<br>**2. ഹർജിക്കാരിയും മക്കളും നിലവിൽ താമസിക്കുന്ന *"വയനാട് ജില്ല വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജ് അരമ്പറ്റക്കുന്ന P.O 12-)o വാർഡ്, റി-സർവേ നമ്പർ 219/2012, 35-C നമ്പർ വീട്ടിലേക്ക്"* എതിർകക്ഷി പ്രവേശിക്കുന്നത് വിലക്കി ഇതിനാൽ കൽപ്പിച്ചു** |

| | | |
|---|---|---|
| | | **ഉത്തരവാകുന്നു.**<br>**3. ജീവനാംശ തുക ഇനത്തിലേക്കായി പ്രതിമാസം ഒന്നാം ഹർജിക്കാരിക്ക് 4000/- രൂപയും (നാലായിരം രൂപ) ഓട്ടിസ്റ്റിക് അസുഖ ബാധിതനായ ഇളയ മകന് 10,000/- രൂപയും (പതിനായിരം രൂപ)എതിർകക്ഷിയോട് നൽകാൻ കൽപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.** |

MC 35/2025 നമ്പർ കേസിൽ 02.06.2026-)o തീയതിക്ക് പുറപ്പെടുവിക്കുന്ന

## <u>വിധിതീർപ്പ്</u>

1. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 12-)o വകുപ്പ് പ്രകാരം ബോധിപ്പിച്ച ഹരജിയാണിത്.

2. **<u>ഹർജി സംഗതികൾ ചുരുക്കത്തിൽ:-</u>** ഹർജിക്കാരിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം 2000 മെയ് മാസം 20 തീയതി ചെന്നലോട് നുസ്രത്തുൽ ഇസ്ലാം മഹലിൽ വെച്ച് നടന്നിട്ടുള്ളതും ആയതിനുശേഷം ഭാര്യാഭർത്താക്കന്മാരായി അരമ്പറ്റക്കുന്ന് എന്ന സ്ഥലത്തെ എതിർകക്ഷിയുടെ തറവാട് വീട്ടിൽ 10 വർഷത്തോളം ജീവിച്ച വന്നിട്ടുള്ളതും പിന്നീട് എതിർകക്ഷിയുടെ തറവാട് വീടിനോട് ചേർന്ന് എതിർകക്ഷി ഹർജിക്കാരിയുടെ 14 പവൻ സ്വർണ്ണം എടുത്തുപയോഗിച്ചതിന് പകരമായി എതിർകക്ഷിയുടെ പിതാവ് നൽകിയ 10 സെന്റ് സ്ഥലത്ത് വീട് വെച്ച് മാറുകയും 15 വർഷമായി അവിടെ താമസിച്ച് വരുന്നതുമാണ്. ടി ബന്ധത്തിൽ 3 ആൺ കുട്ടികൾ ജനിച്ചിട്ടുള്ളതുമാണ്. അതിൽ ഇളയമകന് ഓട്ടിസം രോഗം ബാധിച്ചതിനാൽ ഡോക്ടറുടെ നിർദേശപ്രകാരം മകനെ സഹാറ എന്ന സ്ഥാപനത്തിൽ താമസിപ്പിച്ച് ചികിത്സിച്ച വരുന്നതുമാണ്.

3. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ തന്നെ ഹർജിക്കാരിയും എതിർകക്ഷിയും തമ്മിൽ പ്രശ്നങ്ങൾ തുടങ്ങിയിട്ടുള്ളതാണ്. എതിർകക്ഷി മദ്യപിച്ച വന്ന് നിസാരകാര്യങ്ങൾക്കുപോലും വഴക്കുണ്ടാക്കുകയും

അസഭ്യം പറയുകയും പതിവായിരുന്നു. മൂത്തമകന് ഒമ്പത് മാസം പ്രായമായപ്പോൾ എതിർകക്ഷി ജോലിയാവശ്യാർത്ഥം സൗദിയിലേക്ക് പോയതും ഒരു വർഷത്തിനുശേഷം തിരികെ വന്നിട്ടുള്ളതുമാണ്. നാട്ടിലെത്തിയശേഷം വീണ്ടും മദ്യപാനം തുടങ്ങുകയും ഹർജിക്കാരിയെ ശാരീരികമായി പീഡിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. തന്റെ മാതാപിതാക്കൾ അറിഞ്ഞാൽ വിഷമിക്കുമെന്ന് കരുതി ഹർജിക്കാരി യാതൊന്നും അവരോട് പറയാതെ എല്ലാം സഹിച്ചും ക്ഷമിച്ചും ജീവിച്ചു വന്നതാണ്. എതിർകക്ഷി ലീവ് കഴിഞ്ഞ് വീണ്ടും സൗദിയിലേക്ക് പോവുകയും ഒരു വർഷം കഴിയുമ്പോൾ തിരികെ വരികയും ചെയ്തിട്ടുള്ളതുമാണ്.

4. 06.02.2005ന് രണ്ടാമത് ഒരു മകൻ കൂടി ജനിച്ചിട്ടുള്ളതും മക്കളുടെയും ഹർജിക്കാരിയുടെയും ഒരു കാര്യങ്ങളും എതിർകക്ഷി നോക്കാതിരുന്നതും വിവാഹസമയത്ത് ഹർജിക്കാരിയുടെ വീട്ടുകാർ പാരിതോഷികമായി നൽകിയ 20 പവൻ സ്വർണ്ണത്തിൽ 14 പവൻ സ്വർണ്ണവും കൂടാതെ പണമായി നൽകിയ 1,25,000/- രൂപയും എതിർകക്ഷിയുടെ സഹോദരിയുടെ വിവാഹത്തിനും മറ്റ് സാമ്പത്തിക ബാധ്യത തീർക്കാനുമായി ഹർജിക്കാരിയിൽ നിന്നും വാങ്ങിയിട്ടുള്ളതും തിരികെ നല്കാതിരുന്നതുമാണ്. ഇതേ തുടർന്ന് ഹർജിക്കാരിയുടെ മാതാപിതാക്കൾ എതിർകക്ഷിയുടെ പിതാവുമായി സംസാരിച്ചതിന് എതിർകക്ഷിയുടെ പിതാവ് ടി സ്വർണ്ണത്തിന് പകരമായി 10 സെന്റ് സ്ഥലം ഹർജിക്കാരിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് നല്കിയിട്ടുള്ളതുമാണ്. ടി സ്ഥലത്ത് വീട് വെക്കാനായി ഹർജിക്കാരിയുടെ മാതാപിതാക്കൾ സഹായിക്കുകയും സ്ഥലത്തിന്റെ ആധാരം ബാങ്കിൽ വെച്ച് ലോൺ എടുക്കുകയും ചെയ്തിട്ടുള്ളതുമാണ്. ടി ലോൺ പിന്നീട് എതിർകക്ഷി തന്റെ സാമ്പത്തിക ബാധ്യത തീർക്കുന്നതിനും വിദേശത്ത് ജോലിക്ക് പോകുന്നതിനും മറ്റുമായി ലോൺ പുതുക്കുകയും പണമെടുക്കുകയും അത് ഇനിയും അടച്ച് തീർക്കാത്തതുമാണ്. ഹർജിക്കാരിയുടെ ബാക്കി വരുന്ന 6 പവനോളം സ്വർണ്ണം വീട് പണിക്കും മറ്റുമായി എതിർകക്ഷി പലപ്പോഴായി

ഹർജിക്കാരിയിൽ നിന്നും വാങ്ങി പണയം വെച്ചിട്ടുള്ളതും നാളിതുവരെ തിരികെ കൊടുക്കാത്തതുമാണ്.

5. 19.11.2006ന് മൂന്നാമത് ഒരു ആൺകുട്ടി ജനിച്ചിട്ടുള്ളതും കുട്ടിക്ക് ജന്മനാ ഓട്ടിസം എന്ന അസുഖം ഉള്ളതിനാൽ ചികിത്സയ്ക്കും മറ്റുമായി പ്രതിമാസം 4,000/- രൂപയോളം ആവശ്യമായി വന്നിട്ടുള്ളതുമാണ്. എതിർകക്ഷിയെ മദ്യപാനം കൂടിയപ്പോൾ കേണിച്ചിറ, കട്ടിപ്പാറ തുടങ്ങിയ ഡി അഡിക്ഷൻ സെന്ററുകളിൽ കൊണ്ടുപോയി ചികിത്സിച്ചെങ്കിലും യാതൊരുവിധ മാറ്റവും വന്നിട്ടില്ലാത്തതുമാണ്.വീട്ടിൽ കുട്ടികളുടെ മുന്നിൽ വെച്ച് മദ്യപിക്കുകയും ഹർജിക്കാരിയെ ഉപദ്രവിക്കുകയും അസഭ്യം പറയുകയും എതിർകക്ഷി പതിവാക്കിയിട്ടുള്ളതുമാണ്. ഹർജിക്കാരിയുടെയും മക്കളുടെയും യാതൊരു കാര്യവും നോക്കാതെ ഇരിക്കുമ്പോൾ ഹർജിക്കാരി പണം ചോദിച്ചാൽ വളരെ തുച്ഛമായ പണം മാത്രമേ എതിർകക്ഷി നല്കിയിരുന്നുള്ളൂ. മൂന്നാമത്തെ മകന്റെ ചികിത്സയ്ക്കായി വളരെയധികം പണച്ചിലവ് വരികയും ഹർജിക്കാരി പലരോടും കടം വാങ്ങിയും വീട്ടുകാരുടെ സഹായത്തോടെയും ആണ് ആയവയെല്ലാം നിവൃത്തിച്ച പോരുകയും ചെയ്തിട്ടുള്ളത്.

6. എതിർകക്ഷിയുടെ ഇത്തരത്തിലുള്ള പെരുമാറ്റത്തെത്തുടർന്ന് ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും മഹല്ല് കമ്മറ്റിക്കാർ പല തവണ മധ്യസ്ഥ ചർച്ച നടത്തിയപ്പോഴും ഇനി പ്രശ്നങ്ങളുണ്ടാകില്ല എന്ന ഉറപ്പിൽ ആയതെല്ലാം ഒത്തുതീർപ്പാകുകയാണ് ചെയ്തത്. എന്നാൽ പിന്നീടും എതിർകക്ഷി ആയതെല്ലാം ആവർത്തിക്കുകയാണ് ചെയ്തത്. എതിർകക്ഷിക്ക് ഒരു ബംഗാളി സ്ത്രീയുമായി വഴി വിട്ട ബന്ധം ഉള്ളതായും സൗദിയിൽ ജോലി ഉണ്ടായപ്പോൾ പണം അയച്ച് കൊടുത്തതായും ഹർജിക്കാരി മനസിലാക്കിയിട്ടുള്ളതും വീട്ടിലായിരിക്കുമ്പോൾ വീഡിയോ കാൾ വഴി ആ സ്ത്രീയുമായി സംസാരിക്കുന്നത് കണ്ടിട്ടുള്ളതും ആയതെല്ലാം ചോദ്യം ചെയ്തതിനെ തുടർന്ന് ഹർജിക്കാരിയെ ക്രൂരമായി മർദ്ദിക്കുകയും അസഭ്യം പറയുകയും ചെയ്യുമായിരുന്നു. ഓട്ടിസം ബാധിച്ച മകൻ വളരുന്നതിനനുസരിച്ച് അക്രമാസക്തമാകാറുള്ളതും പലപ്പോഴും

ഹർജിക്കാരിയെ കാണാതെ വീട് വിട്ട് ഇറങ്ങി പോകാറുള്ളതുമാണ്. എതിർകക്ഷി പിതാവെന്ന നിലയിൽ യാതൊരു കടമകളും നിർവഹിക്കാതെ മകനെ സംരക്ഷിക്കാതെ ജീവിച്ചു വരുന്നതിനാൽ ഹർജിക്കാരിക്ക് ഒറ്റയ്ക്ക് തന്നെ മകനെ സംരക്ഷിക്കേണ്ടി വരികയും ശാരീരികമായും മാനസികമായും വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടി വരികയും ചെയ്തതിനാൽ ഡോക്ടറുടെ നിർദേശപ്രകാരം സഹാറ എന്ന സ്ഥാപനത്തിൽ മകനെ താമസിപ്പിച്ച് ചികിൽസിച്ചു വരുന്നതുമാണ്.

7. എതിർകക്ഷിയുടെ ശാരീരികവും മാനസികവുമായ ഉപദ്രവത്തെ തുടർന്ന് 2024 ഡിസംബർ 27 തീയതി ചെന്നലോട് നുസ്രത്തുൽ ഇസ്ലാം മഹലിൽ വെച്ച് മധ്യസ്ഥ ചർച്ച നടത്തുകയും ഇനി മുതൽ ഹർജിക്കാരിയെയും മക്കളെയും നല്ല രീതിയിൽ സംരക്ഷിക്കാമെന്ന് സമ്മതിച്ച് ഒത്തു തീർപ്പാക്കിയിട്ടുള്ളതുമാണ്. പിന്നീട് എതിർകക്ഷി ഗൾഫിൽ പോകുകയും കുറച്ച് മാസങ്ങൾ അവിടെ ജോലി ചെയ്തതിനുശേഷം 2025 ആഗസ്റ്റ് മാസം 6 തീയതി നാട്ടിൽ വരികയും പഴയതുപോലെ മദ്യപിച്ച് പ്രശ്നങ്ങൾ ഉണ്ടാക്കുകയും ഹർജിക്കാരിയുടെ മാതാവിന്റെ 2 പവന്റെ സ്വർണ്ണമാല എതിർകക്ഷിയുടെ ബാധ്യത തീർക്കാനായി വാങ്ങിത്തരണമെന്നും അല്ലെങ്കിൽ 50,000/- രൂപ വാങ്ങി തരണമെന്നും പറഞ്ഞ് ഹർജിക്കാരിയോട് വഴക്കുണ്ടാക്കുകയും പണം നൽകിയില്ലെങ്കിൽ ഹർജിക്കാരിയെയും മക്കളെയും ജീവിക്കാൻ അനുവദിക്കില്ലായെന്നും പറഞ്ഞ് വീടിന് തീ വെക്കുകയും വീട്ടുസാധനങ്ങൾ നശിപ്പിക്കുകയും ഹർജിക്കാരിയും മക്കളും അയൽവാസികളുടെ വീട്ടിൽ അഭയം പ്രാപിക്കുകയും അവിടെ നിന്നും പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചറിയിച്ചതിനാൽ പോലീസ് വന്ന് തീയണക്കുകയും എതിർകക്ഷിയോടും ഹർജിക്കാരിയോടും രാവിലെ പോലീസ് സ്റ്റേഷനിൽ ഹാജരാകാൻ പറഞ്ഞ് തിരികെ പോയിട്ടുള്ളതുമാണ്. പോലീസുകാർ പോയതിന് ശേഷം എതിർകക്ഷി ഹർജിക്കാരിയെ ശാരീരികമായി ഉപദ്രവിച്ച് അവശയാക്കിയിട്ടുള്ളതും ഇതേ തുടർന്ന് ഹർജിക്കാരി 23.09.2025 തീയതി മാനന്തവാടി ജില്ലാ ആശുപത്രിയിൽ ചികിത്സ

നേടുകയും പോലീസ് എഫ് ഐ ആർ എടുക്കുകയും ചെയ്തിട്ടുള്ളതുമാണ്. പോലീസ് സ്റ്റേഷനിൽ നിന്നും പറഞ്ഞതനുസരിച്ച് ഹർജിക്കാരി വയനാട് ജില്ല വനിതാ സംരക്ഷണ ഓഫീസറെ കാണുകയും കാര്യങ്ങൾ പറയുകയും ചെയ്തതിനെ തുടർന്ന് ഗാർഹിക പീഡനത്തിനെതിരെ കേസ് ഫയൽ ചെയ്യാനായി നീതിവേദിയിലേക്ക് പറഞ്ഞു വിട്ടിട്ടുള്ളതുമാണ്. എതിർകക്ഷി വീണ്ടും ഹർജിക്കാരി വീട്ടിലില്ലാത്ത സമയത്ത് വരികയും വീട് കത്തിക്കുകയും ആയതിനെ തുടർന്ന് ഹർജിക്കാരി പോലീസ് സ്റ്റേഷനിൽ വിവരമറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. മേല്പറഞ്ഞ സാഹചര്യങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനും മറ്റ് നിവൃത്തികൾ അനുവദിച്ച് ഉത്തരവുണ്ടാകുവാൻ വേണ്ടിയാണ് ഈ ഹർജി സമർപ്പിച്ചിരിക്കുന്നത്.

8. ഹർജി ഫയലിൽ സ്വീകരിച്ച് നോട്ടീസ് അയച്ചു. എതിർകക്ഷി കോടതിയിൽ ഹാജരാവുകയോ പ്രതിനിധീകരിക്കപ്പെടുകയോ ചെയ്യപ്പെടാത്തതിനാൽ എതിർകക്ഷിക്കെതിരെയുള്ള കോടതിനടപടികൾ 28.04.2026 തിയ്യതി എക്സ്പാർട്ടി ആയി പ്രഖ്യാപിച്ച് തുടർന്ന് നടത്തിയിട്ടുള്ളതാണ്.

9. ഹർജിക്കാരി തെളിവ് സത്യവാങ്മൂലം ബോധിപ്പിച്ചതിൽ ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചു.

10. ഹർജി ഭാഗം വാദം കേട്ടു. പ്രസ്തുത രേഖകളായ ഹർജി, രേഖകൾ എന്നിവ പരിശോധിച്ചു.

11. **താഴെ പറയുന്ന സൂചകങ്ങളാണ് കേസിന്റെ അന്തിമ നിർണ്ണയത്തിനായി പരിഗണനയ്ക്ക് വരുന്നത്:**

    1. ***ഹർജിക്കാരിക്ക് എതിർകക്ഷിയിൽ നിന്നും ഗാർഹിക പീഡനം ഏൽക്കേണ്ടി വന്നതായി തെളിഞ്ഞിട്ടുണ്ടോ?***

    2. ***ഗാർഹിക പീഡന നിരോധന നിയമം വകുപ്പ് 18 പ്രകാരം എതിർകക്ഷിയിൽ നിന്നും ഗാർഹിക പീഡനങ്ങൾ ഏൽക്കുന്നത് തടഞ്ഞുകൊണ്ട് ഒരു ശാശ്വത സംരക്ഷണ ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടോ?***

    3. ***ഗാർഹിക പീഡന നിരോധന നിയമം വകുപ്പ് 19(1)(d) പ്രകാരം ഹർജിക്കാരിയും കുട്ടികളും എതിർകക്ഷിയുമൊന്നിച്ച് പങ്കിട്ടു പാർത്ത് ജീവിച്ചിരുന്ന വയനാട് ജില്ല വൈത്തിരി താലൂക്കിലെ കോട്ടത്തറ***

***വില്ലേജ് അരമ്പറ്റക്കുന്നു P.O 12-)ാം വാർഡ്, re-സർവേ നമ്പർ 219/2012, 35-C നമ്പർ വീട്ടിലേക്ക് എതിർകക്ഷി പ്രവേശിക്കുന്നത് വിലക്കിക്കൊണ്ട് ഒരുത്തരവ് ഉണ്ടാകേണ്ടതുണ്ടോ?***

4. ***ഗാർഹിക പീഡന നിരോധന നിയമം വകുപ്പ് 21 പ്രകാരം പ്രതിമാസ ജീവനാംശ തുകയിനത്തിലേക്കായി ഹർജിക്കാരിക്ക് 4,000/- രൂപ നിരക്കിലും ഓട്ടിസം രോഗ ബാധിതനായ മൂന്നാമത്തെ മകന് പ്രതിമാസം 10,000/- രൂപ വീതവും (ആകെ തുക പതിനാലായിരം രൂപ) നിരക്കിലും നൽകാൻ എതിർകക്ഷിയോട് കൽപ്പിച്ച് ഉത്തരവാകേണ്ടതുണ്ടോ?***

5. ***ആശ്വാസങ്ങളും ചിലവുകളും.***

12.**സൂചകങ്ങൾ ഒന്നു മുതൽ മൂന്ന് വരെ :** അവലോകനസൗകര്യത്തിനായി പ്രസ്തുത സംഗതികൾ ഒരുമിച്ച് പരിഗണിക്കുന്നു. ഹർജിക്കാരിയും എതിർകക്ഷിയും 2000 വർഷത്തിൽ ഇസ്ലാം മതാചാരപ്രക്രം വിവാഹിതരായിട്ടുള്ളതും വിവാഹ ശേഷം ഇരുവരും ഒരുമിച്ച് എതിർകക്ഷിയുടെ വീട്ടിൽ താമസിച്ച് വന്നിരുന്നതുമാണ്. ടി വിവാഹബന്ധത്തിൽ മൂന്ന് കുട്ടികൾ ജനിച്ചിട്ടുള്ളതും മൂന്നാമതായി ജനിച്ച കുട്ടി ഓട്ടിസം രോഗ ബാധിതനുമാണ്. എതിർകക്ഷി തന്നെ ശാരീരിക മാനസിക ഗാർഹീകപീഡനങ്ങൾ ഏല്പിക്കുന്നതിനാലും തനിക്കോ മക്കൾക്കോ മനപ്പൂർവം ചിലവിന് നൽകാതെ അവഗണിക്കുന്നതിനാലും തനിക്ക് ഗാർഹിക പീഡനത്തിൽ നിന്നുമുള്ള സ്ത്രീ സംരക്ഷണ നിയമം,2005 പ്രകാരമുള്ള നിവൃത്തികൾ ലഭിക്കാൻ അർഹതയുണ്ടെന്നാണ് ഹർജിയിലെ പ്രധാന ആവശ്യം. ആയത് തെളിയിക്കുന്നതിലേക്കായി ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചു.

13.PW1 നൽകിയ മൊഴിയിൽ നിന്നും എതിർകക്ഷി സ്ഥിരമായി മദ്യപിച്ച് വന്നു തന്നെ ശാരീരികമായി ഉപദ്രവിക്കുമായിരുന്നുവെന്നും ഹർജിക്കാരിയുടെ സ്വർണ്ണാഭരണങ്ങൾ എടുത്തുകൈപറ്റി തിരിച്ചു നൽകിയിട്ടില്ല എന്നും തെളിവായി മൊഴി നൽകിയിട്ടുണ്ട്. അസുഖബാധിതനായ ഇളയ മകനെ താൻ ഒറ്റയ്ക്ക് ആണ് സംരക്ഷിക്കുന്നതെന്നും ചികിത്സചിലവിലേക്കായി തുച്ഛമായ പണം മാത്രമേ എതിർകക്ഷി നൽകുമായിരുന്നുള്ളൂ എന്നും ഒരു അച്ഛൻ എന്ന

രീതിയിൽ ഓട്ടിസം ബാധിതനായ മകനോട് നിരുത്തരവാദപരമായും തികഞ്ഞ അവഗണനയോടും കൂടിയാണ് എതിർകക്ഷി പെരുമാറിയിരുന്നത് എന്നും PW1 മൊഴി നൽകിയിട്ടുണ്ട്. നിരവധി തവണ മധ്യസ്ഥ ചർച്ചയിൽ പ്രശ്നങ്ങൾ പരിഹരിച്ചുവെങ്കിലും വീണ്ടും എതിർകക്ഷി തന്റെ പഴയ സ്വഭാവത്തിലേക്ക് തിരിച്ചു പോകാറുണ്ട് എന്നും അവസാനമായി മധ്യപിച്ച് അക്രമാസക്തനായ എതിർകക്ഷി ഹർജിക്കാരിയെയും മക്കളെയും ജീവിക്കാൻ അനുവധിക്കില്ല എന്ന് പറഞ്ഞു ഹർജിക്കാരി താമസിച്ചിരുന്ന വീടിന് തീ കൊളുത്തുകയും തുടർന്ന് ഹർജിക്കാരിക്കാരിയെ ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തു എന്നും PW1 മൊഴി നൽകി.

14.PW1 നൽകിയ മൊഴി പ്രകാരം PWDV Act,2005 ലെ വകുപ്പ് 2(f) പ്രകാരമുള്ള *"ഗാർഹീക ബന്ധുത്വം"* ഹർജിക്കാരിയും എതിർകക്ഷിയും തമ്മിൽ നിലനിൽക്കുന്നുണ്ടെന്ന് സ്പഷ്ടമാണ്. കൂടാതെ, 2(s) വകുപ്പ് പ്രകാരം ഹർജിക്കാരിയും എതിർകക്ഷിയും ഒരുമിച്ച *"ഷെയേർഡ് ഹൗസ്ഹോൾഡിൽ"* താമസിച്ച വന്നിരുന്നു എന്നും തെളിവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരം ആവലതിക്കാരിയായ സ്ത്രീയ്ക്ക് ശാരീരികമായോ വൈകാരികമായോ ധനപരമായോ ലൈംഗികമായോ ഉള്ള അപമാനത്തിന് കാരണമാകുന്നതും ശാരീരികവും മാനസികവുമായ ആരോഗ്യം, സുരക്ഷ, ജീവൻ, അവയവം സ്വസ്ഥത എന്നിവ ക്ഷതപ്പെടുത്തുന്നതോ അപകടപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തിയോ പെരുമാറ്റമോ എതിർകക്ഷികളുടെ പക്കൽനിന്ന് ഉണ്ടാവുകയാണെങ്കിൽ ഒരു സംരക്ഷണ ഉത്തരവ് ലഭിക്കാൻ ആവലാതിക്കാരിയായ സ്ത്രീക്ക നിയമം അനുശാസിക്കുന്ന പതിനെട്ടാം വകുപ്പ് പ്രകാരം അർഹതയുണ്ട്. അത്തരത്തിൽ ശാരീരിക മാനസിക സാമ്പത്തിക രീതിയിലുള്ള ഗാർഹിക പീഡനം ഹർജിക്കാരിക്ക് എതിർകക്ഷിയിൽ നിന്നേറ്റതായി PW1 മൊഴി നൽകിയിട്ടുണ്ട്. എതിർകക്ഷി കോടതിയിൽ ഹാജരാവുകയോ പ്രതിനിധീകരിക്കപ്പെടുകയോ ആക്ഷേപം ബോധിപ്പിക്കുകയോ ചെയ്യാതിരുന്നതിനാൽ ഹർജിക്കാരിയുടെ വാദങ്ങൾ നിസ്തർക്കം

തെളിഞ്ഞതായി ഈ കോടതി കണക്കാക്കുന്നു. ആയതിനാൽ, നിയമം അനുശാസിക്കുന്ന നിവൃത്തികൾ ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ട്.

15.ഹർജിക്കാരിയും മക്കളും നിലവിൽ താമസിക്കുന്ന *"വയനാട് ജില്ല വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജ് അരമ്പറ്റക്കുന്നു P.O 12 -)o വാർഡ്, റി-സർവേ നമ്പർ 219/2012, 35-C നമ്പർ വീട്ടിലേക്ക്"* എതിർകക്ഷി പ്രവേശിക്കുന്നത് തടഞ്ഞും എതിർകക്ഷി ശാരീരികമോ മാനസികമോ ആയി പീഡിപ്പിക്കുന്നത് വിലക്കിയും ഒരു നിവൃത്തി അനുവദിക്കേണ്ടതും ഹർജിക്കാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും അനിവാര്യമാണ്. ആകയാൽ, ഒന്ന് മുതൽ മൂന്ന് കൂടിയ സൂചകങ്ങൾ ഹർജിക്കാരിക്ക് അനുകൂലമായി തീർച്ചപ്പെടുത്തിയിരിക്കുന്നു.

16.**<u>സൂചകം 4:</u>** ഹർജിക്കാരിക്കു 4000/- രൂപയും ഓട്ടിസം രോഗബാധിതനായ ഇളയ മകന് ₹10,000/- രൂപ (ആകെ തുക പതിനാലായിരം രൂപ) വീതം പ്രതിമാസ ചിലവിനത്തിലേക്കായി എതിർകക്ഷി നൽകണം എന്നതാണ് ഹർജിയിലെ മറ്റൊരു നിവൃത്തി. ഭാര്യയെയും മക്കളെയും പര്യാപ്തമായി സംരക്ഷിക്കേണ്ടത് ഒരു ഭർത്താവ് എന്ന നിലയിലും അച്ഛൻ എന്ന നിലയിലും എതിർകക്ഷിയുടെ അനിവാര്യമായ കടമയാണ് എന്നത് പല സുപ്രധാന വിധിന്യായങ്ങളിലൂടെ സുസ്ഥാപിതമായ നിലപാടാണ്. ഹർജിക്കാരുടെ ജീവിതസാഹചര്യവും എതിർകക്ഷിയിൽ നിന്ന് നേരിടേണ്ടി വന്ന ഗുരുതരമായ ഗാർഹിക പീഡനങ്ങളും ഹർജിക്കാരിയുടെ തൊഴിൽ ഇല്ലായ്മയും മറ്റും പരിഗണിക്കുമ്പോൾ ഹർജിയിലെ ആവശ്യം അനുവദിക്കത്തക്കതാണ് എന്നീ കോടതിക്ക് ബോധ്യമായിട്ടുണ്ട്. ആയതിനാൽ ആവശ്യപ്പെട്ട പ്രകാരം ഹർജിക്കാരിക്ക് 4000/- രൂപയും (നാലായിരം രൂപ) ഓട്ടിസം രോഗം ബാധിച്ച ഇളയ മകന് 10,000/- രൂപയും (പതിനായിരം രൂപ) പ്രതിമാസം നൽകാൻ എതിർകക്ഷി ബാധ്യസ്ഥനാണ് എന്നീ കോടതി കണ്ടെത്തുന്നു. ആയതിനാൽ പ്രസ്തുത സൂചകം ഹർജിക്കാരിക്ക് അനുകൂലമായി വിധിച്ചിരിക്കുന്നു.

17.**<u>സൂചകം അഞ്ച് :</u> മേൽ ഹർജി ഹർജിക്കാരിക്ക് അനുകൂലമായി താഴെ പറയും പ്രകാരം വിധിച്ചിരിക്കുന്നു:-**

1. **ഹർജിക്കാരിയെയും മക്കളെയും യാതൊരു തരത്തിലുള്ള ശാരീരിക മാനസിക ഗാർഹിക പീഡനങ്ങൾ ഏൽപ്പിക്കുന്നതിൽ നിന്നും എതിർകക്ഷിയെ ശാശ്വതമായി വിലക്കി ഇതിനാൽ കൽപിച്ചുത്തരവാകുന്നു.**
2. **ഹർജിക്കാരിയും മക്കളും നിലവിൽ താമസിക്കുന്ന *"വയനാട് ജില്ല വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജ് അരമ്പറ്റക്കുന്നു P.O 12-)o വാർഡ്, റി-സർവേ നമ്പർ 219/2012, 35-C നമ്പർ വീട്ടിലേക്ക്"* എതിർകക്ഷി പ്രവേശിക്കുന്നത് വിലക്കി ഇതിനാൽ കൽപ്പിച്ച ഉത്തരവാകുന്നു.**
3. **ജീവനാംശ തുക ഇനത്തിലേക്കായി പ്രതിമാസം ഒന്നാം ഹർജിക്കാരിക്ക് 4000/- രൂപയും (നാലായിരം രൂപ) ഓട്ടിസ്റ്റിക് അസുഖ ബാധിതനായ ഇളയ മകന് 10,000/- രൂപയും (പതിനായിരം രൂപ)എതിർകക്ഷിയോട് നൽകാൻ കൽപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.**

*(2026-)o ആണ്ട ജൂൺ മാസം 02-)o തിയതി ഗ്രാമന്യായാലയത്തിലെ തുറന്ന കോടതിയിൽ വെച്ച ഞാൻ വിധി പ്രസ്താവിച്ചു )*

**ന്യായാധികാരി**

**<u>അനുബന്ധം:-</u>**

**<u>ഹർജി ഭാഗം സാക്ഷികൾ</u>-**

| | | |
|---|---|---|
| PW1 | റംല.വി | 18.05.2026 |

**<u>ഹർജി ഭാഗം രേഖകൾ :</u>** ഇല്ല

**<u>എതിർകക്ഷി ഭാഗം സാക്ഷികൾ:-</u>** ഇല്ല ( എക്സ്-പാർട്ടി )

**<u>എതിർകക്ഷി ഭാഗം രേഖകൾ:-</u>** ഇല്ല ( എക്സ്-പാർട്ടി )

**ന്യായാധികാരി**

**<u>ORDER IN M.C 35/2025</u>**

**DATED: 02.06.2026**